# ഫിലാഡെൽഫിയാ സെയ്ന്റ് ജോൺസ് ദേവാലത്തിന്റെ പെരുനാളും സുവിശേഷമഹായോഗവും

ഫിലാഡെൽഫിയാ:ഡെലവയർവാലി സെയ്ന്റ് ജോൺസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകയുടെ ഈ വർഷത്തെ പെരുനാൾ പൂർവാധികം ഭംഗിയായി ആഗസ്റ്റ് മാസം 27ാം തീയതി(വെള്ളി) മുതൽ 29ാം തീയതി (ഞായർ) വരെയുള്ള ദിവസങ്ങളിൽ കൊണ്ടാടുന്നു. പെരുനാളിനോട് അനുബന്ധിച്ച് ഇടവകയുടെ നാലാമത് വാർഷീക കൺവൻഷൻ 27, 28 തീയതികളിൽ നടത്തുന്നതാണ്. വൈകിട്ട് 6 മുതൽ സന്ധ്യാ നമസ്കാരവും ഗാനശുശ്രൂഷയും തുടർന്ന് 7 മണിക്ക് ദൈവവചന ശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്. വെരി. റവ. ഡോ. വറിഗീസ് പ്ലന്തോട്ടം കോർ എപ്പിസ്കോപ്പാ 27, 28 തീയതികളിൽ ദൈവവചന സന്ദേശം നൽകുന്നതാണ്. 29-ാം തീയതി ഞായറാഴ്ച രാവിലെ 8:30ന് പ്രഭാത നമസ്കാരവും, വിശുദ്ധ കുർബ്ബാനയും, റാസയും തുടർന്ന് നേർച്ചവിളമ്പും ഉണ്ടായിരിക്കുന്നതാണ്. ഭക്തജനങ്ങൾ എല്ലാവരും നേർച്ചകാഴ്ച്ചകളോട്കൂടി പെരുനാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് ദൈവനാമത്തിൽ താൽപര്യപ്പെടുന്നു.

ഇടവകക്കുവേണ്ടി, ഫാദർ സിബി വറിഗീസ്(വികാരി)

കൂടുതൽ വിവരങ്ങൾക്ക് ഇടവക വികാരി ഫാദർ സിബി വറിഗീസ് 267-401-3732, ട്രസ്റ്റി തോമസ് തൊമ്മൻ 267-250-9939 സെക്രട്ടറി റോയ് കോരുത് 215-900-8498 എന്നിവരുമായി ബന്ധപ്പെടുക.